**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1508** — **28-07-2021 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ന്യൂനപക്ഷ സ്കോളർഷിപ്പുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധിയിന്മേൽ അപ്പീൽ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ഹൈക്കോടതി വിധിയിന്മേൽ അപ്പീൽ നൽകേണ്ടതില്ലെന്ന്തീരുമാനിച്ചിട്ടില്ല. |
| (ബി) | ഇതു സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പുകൾ ജനസംഖ്യാനുപാതത്തിൽ വിതരണം ചെയ്യുന്നതിന് തീരുമാനിക്കുകയും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |
| (സി) | ഹൈക്കോടതി വിധിയെ തുടർന്ന് ന്യൂനപക്ഷ വകുപ്പിന്റെ പ്രവർത്തനത്തിൽ സ്തംഭനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

**സംഗ്രഹം**

ന്യൂനപക്ഷ ക്ഷേമ വകുപ്പ് - ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് അനുപാതം - പുനഃക്രമീകരണം - ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ W.P.(C)No. 24355/2020- ന്മേൽ പുറപ്പെടുവിച്ച 28.05.2021 തീയതിയിലെ വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്

**G.O.(MS)No.135/2021/GAD** തീയതി,തിരുവനന്തപുരം, **16/07/2021**

---

പരാമർശം:- 1. 16.08.2008 തീയതിയിലെ സ.ഉ(കൈ)നം.278/2008/പൊ.ഭ.വ. നമ്പർ ഉത്തരവ്.

2. 22.02.2011 തീയതിയിലെ സ.ഉ(കൈ)നം.57/2011/പൊ.ഭ.വ. നമ്പർ ഉത്തരവ്.

3. 08.05.2015 തീയതിയിലെ സ.ഉ(സാധാ)നം.3427/2015/പൊ.ഭ.വ. നമ്പർ ഉത്തരവ്.

4. ബഹു.കേരള ഹൈക്കോടതിയുടെ 28.05.2021 ലെ WP(C)No. 24355/2020- ന്മേലുള്ള വിധിന്യായം.

5. 04.06.2021 ന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷി യോഗത്തിന്റെ നടപടിക്കുറിപ്പ്.

6. 14.06.2021 തീയതിയിലെ സ.ഉ(സാധാ)നം.2194/2021/പൊ.ഭ.വ. നമ്പർ ഉത്തരവ്.

7. 15.06.2021, 29.06.2021 -എന്നീ തീയതികളിൽ നടന്ന വിദഗ്ധ സമിതി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.

**ഉത്തരവ്**

പരാമർശം 4 -ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിന്യായം അനുസരിച്ച് ന്യൂനപക്ഷ വിഭാഗങ്ങളെ അവയുടെ പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിൽ സബ് ക്ലാസിഫൈ ചെയ്ത് മെരിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് 80% മുസ്ലീം വിഭാഗങ്ങൾക്കും 20% ലാറ്റിൻ കാത്തലിക്, പരിവർത്തിത ക്രിസ്ത്യൻ/ മറ്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കും നൽകിയ നടപടി നിയമപരമായി നിലനിൽക്കുന്നതല്ല എന്നും നോട്ടിഫൈ ചെയ്ത മൈനോരിറ്റി വിഭാഗങ്ങൾക്ക് ജനസംഖ്യാടിസ്ഥാനത്തിൽ തുല്യമായി സകോളർഷിപ്പ് വിതരണം ചെയ്യേണ്ടതാണെന്നും കോടതി ഉത്തരവായിട്ടുണ്ട്. അതോടൊപ്പം സംസ്ഥാന സർക്കാർ നടപ്പിലാക്കിവന്നിരുന്ന പരാമർശം 1,2,3 സർക്കാർ ഉത്തരവുകളും റദ്ദാക്കപ്പെട്ടു. ഇതിൻപ്രകാരം മേൽപ്പറഞ്ഞ സ്കോളർഷിപ്പുകൾ തുടർന്നും വിതരണം ചെയ്യുന്നതിന് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുനഃക്രമീകരണം

നടത്തേണ്ടതുണ്ട്. ഇതേ തുടർന്ന് പരാമർശം 5 പ്രകാരം ബഹു. മുഖ്യമന്ത്രിയുടെഅദ്ധ്യക്ഷതയിൽ 04.06.2021-ൽ സർവ്വകക്ഷിയോഗം ചേരുകയും പ്രസ്തുത യോഗത്തിൽ മുസ്ലീം വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യം നഷ്ടപ്പെടാതെ മറ്റ് ന്യൂനപക്ഷങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകണമെന്നും സമഗ്രപഠനം ആവശ്യമാണെന്ന അഭിപ്രായം ഉയർന്നു വന്നതിനെ തുടർന്ന് ഈ വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മൂന്നംഗ വിദഗ്ധ സമിതി രൂപീകരിക്കുവാൻ തീരുമാനിച്ചു. അപ്രകാരം പരാമർശം 6 പ്രകാരം ഒരു വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവായി.

ഈ വിഷയം ചർച്ച ചെയ്യുന്നതിനായി വിദഗ്ധ സമിതി രണ്ടു തവണ യോഗം ചേരുകയും വിവിധ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വിവിധ സ്കോളർഷിപ്പുകൾ നൽകുന്നത് സംബന്ധിച്ച് യോഗം വിശദമായി വിലയിരുത്തുകയും അതിൻപ്രകാരം 2020-2021 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതി പുരോഗതി വിലയിരുത്തിയിട്ട് പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, സി.എച്ച്.മുഹമ്മദ്കോയ സ്കോളർഷിപ്പ് ഒഴികെയുള്ള മറ്റ് സ്കോളർഷിപ്പുകളിൽ ബഹുമാനപ്പെട്ട കോടതി ഉത്തരവിൽ നിരീക്ഷിച്ചതുപോലെ ജനസംഖ്യാനുപാതം ഏകദേശം പൂർണ്ണമായി പാലിക്കപ്പെട്ടിട്ടുണ്ട് എന്ന് കണ്ടെത്തി.

ഈ സാഹചര്യത്തിൽ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് എല്ലാ ന്യൂനപക്ഷ മതവിഭാഗങ്ങൾക്കും അർഹതയുടെ അടിസ്ഥാനത്തിൽ (Merit-Cum-Means) 50%-ആയും മറ്റ് സ്കോളർഷിപ്പുകൾ മെറിറ്റ്-കം-മീൻസ് അടിസ്ഥാനത്തിൽ 100%-ആയും നടപ്പിലാക്കാവുന്നതാണെന്ന അഭിപ്രായത്തിൽ കമ്മിറ്റി എത്തിച്ചേർന്നു. മേൽപ്പറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനായി വേണ്ടിവരുന്ന തുക ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി കണക്കാക്കുകയുണ്ടായി.

മേൽ പരാമർശ ശുപാർശ കൂടാതെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 28.05.2021-ലെ വിധി പൂർണ്ണമായും പാലിക്കേണ്ടതുള്ളതിനാൽ 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യാടിസ്ഥാനത്തിൽ ന്യൂനപക്ഷ സ്കോളർഷിപ്പുകൾ പാഴ്സി ഉൾപ്പെടെയുള്ള എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും അനുവദിക്കേണ്ടതുണ്ട്. (മുസ്ലീം- 26.56 %, ക്രിസ്ത്യൻ - 18.38%, ബുദ്ധർ - 0.01%, ജൈൻ - 0.01%, സിഖ് - 0.01%, മുതലായവ) ഒരു ന്യൂനപക്ഷ വിഭാഗത്തിനും ആനുകൂല്യം നഷ്ടപ്പെടാതെ ജനസംഖ്യാടിസ്ഥാനത്തിൽ സ്കോളർഷിപ്പുകൾ വിതരണം നടത്തുന്നതിന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന് ആകെ 23.51 കോടി രൂപ ആവശ്യമായിവരുമെന്ന് കമ്മിറ്റി കണ്ടെത്തി. ബഡ്ജറ്റ് വിഹിതം കഴിച്ച് ഈ പദ്ധതിയ്ക്കായി അധികംവേണ്ടിവരുന്ന തുക 6.2 കോടി രൂപ (ആറ് കോടി ഇരുപത് ലക്ഷം രൂപ മാത്രം).

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യാടിസ്ഥാനത്തിൽ ന്യൂനപക്ഷ സ്കോളർഷിപ്പുകൾ അർഹതയുള്ള പാഴ്സി ഉൾപ്പെടെയുള്ള എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും (മുസ്ലീം- 26.56 %, ക്രിസ്ത്യൻ - 18.38%, ബുദ്ധർ - 0.01%, ജൈൻ - 0.01%, സിഖ് - 0.01%, മുതലായവ) നൽകുന്നതിനും, ഒരു വിഭാഗത്തിനും ആനുകൂല്യം നഷ്ടപ്പെടാതെ ജനസംഖ്യാനുപാതത്തിൽ അനുവദിക്കാനും മേൽപ്പറഞ്ഞ ന്യൂനപക്ഷ സമുദായത്തിൽ നിന്നും അർഹരായ അപേക്ഷകർ ഉള്ള പക്ഷം, നിലവിൽ ആനുകൂല്യങ്ങൾ ലഭിക്കുന്ന വിഭാഗങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്ന തുകയിലോ,

ആനുകൂല്യം ലഭിക്കുന്ന എണ്ണത്തിലോ കുറവുണ്ടാകരുത് എന്ന വ്യവസ്ഥയോടെ അംഗീകരിച്ച് ഉത്തരവാകുന്നു.

ഇതിനായി അധികം വേണ്ടിവരുന്ന 6.2 (ആറ് കോടി ഇരുപത് ലക്ഷം രൂപ മാത്രം) കോടി രൂപ ബഡ്ജറ്റ് വിഹിതം കഴിച്ച് അനുവദിക്കുവാനും ഇതിനാൽ ഉത്തരവാകുന്നു.

മുകളിൽ പരാമർശിച്ച അധിക തുകയ്ക്കുള്ള അനുമതിയ്ക്കായി വിശദമായ പ്രൊപ്പോസൽ ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ അടിയന്തരമായി സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 28.05.2021-ലെ W.P.(C)No. 24355/2020-ന്മേലുള്ള വിധിന്യായം മുകളിൽ പറഞ്ഞപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ആർ.ജ്യോതിലാൽ ഐ.എ.എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

1. അഡ്വക്കറ്റ് ജനറൽ, എറണാകുളം
2. ധനകാര്യ വകുപ്പ്
3. പൊതുഭരണ (എസ്.സി.) വകുപ്പ്
4. ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരളം, തിരുവനന്തപുരം
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ